# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1802 — 04.10.2016 -ൽ മറുപടിക്ക്

**തീർത്ഥാടന - ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ സമഗ്രവികസനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ബി. ഗണേഷ് കുമാർ | ശ്രീ. എ.സി. മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) രാജ്യത്തെ പ്രധാന തീർത്ഥാടന, ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുള്ള കേന്ദ്ര പദ്ധതി 'പ്രസാദ്' -ൽ സംസ്ഥാനത്ത് നിന്ന് ഏതെങ്കിലും ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | എ) രാജ്യത്തെ പ്രധാന തീർത്ഥാടന, ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ സമഗ്രവികസനം ലക്ഷ്യമിട്ടുള്ള കേന്ദ്ര പദ്ധതിയായ 'പ്രസാദ്'-ൽ സംസ്ഥാനത്ത് നിന്നും ഗുരുവായൂരിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വർഷം അനുവദിച്ച 8 പദ്ധതികളിൽ ദക്ഷിണേന്ത്യയിൽ നിന്നും ഗുരുവായൂരിനെ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |
| ബി) അന്താരാഷ്ട്ര ടൂറിസം സാദ്ധ്യതകളെ പ്രയോജനപ്പെടുത്തുന്ന 'മുസിരിസ്' പൈതൃക പദ്ധതിയുടെയും സ്പൈസ് റൂട്ട് പദ്ധതിയുടെയും വിശദാംശം നൽകുമോ; | ബി) തൃശ്ശൂർ, എറണാകുളം ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന മുസിരിസ് കേരളത്തിലെ ഏറ്റവും പ്രാചീനമായ പൈതൃക സ്ഥലമാണ്. ചരിത്രപരമായും, പുരാവസ്തുപരമായും പഴയ സംസ്കാരത്തിന്റെ ശേഷിപ്പുകൾ അവശേഷിക്കുന്ന ഈ പ്രദേശത്തെ എല്ലാ പ്രധാനപ്പെട്ട |

ചരിത്രസ്മാരകങ്ങളെയും പൈതൃകശേഷിപ്പുകളെയും ബന്ധിപ്പിച്ച് കൊണ്ട് കേരള ചരിത്രത്തിന്റെ പരിച്ഛേദം സന്ദർശകർക്ക് പകർന്ന് കൊടുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന നൂതനവും ഭാവനാപൂർണ്ണവുമായ ടൂറിസം പദ്ധതിയാണ് മുസിരിസ് പൈതൃക പദ്ധതി. എറണാകുളം ജില്ലയിലെ വടക്കൻ. പറവൂർ തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ എന്നീ നഗരസഭകളും എറണാകുളം ജില്ലയിലെ ചേന്ദമംഗലം, ഗോതുരുത്ത്, പറവൂർ, പള്ളിപ്പുറം എന്നീ ഗ്രാമപഞ്ചായത്തുകളും തൃശ്ശൂർ ജില്ലയിലെ മതിലകം, എസ്.എൻ. പുരം, ഏറിയാട്, മേത്തല എന്നീ ഗ്രാമപഞ്ചായത്തുകളും മുസിരിസ് പൈതൃക പദ്ധതി നടപ്പിലാക്കുന്ന പ്രദേശങ്ങളാണ്. മുസിരിസ് പൈതൃക പദ്ധതിയുടെ നടത്തിപ്പിനായി 4,052.83 ലക്ഷം രൂപയുടെ കേന്ദ്ര ധനസഹായത്തിന് അനുമതി ലഭിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയ നിരവധി പ്രവൃത്തികൾ പ്രസ്തുത പൈതൃക പദ്ധതിയിൻ കീഴിൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ ഒന്നാംഘട്ട വികസന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബൃഹത്തായ ഈ പദ്ധതിയിൽ, പദ്ധതി

പ്രദേശങ്ങളിലുള്ള ചരിത്ര സ്മാരകങ്ങൾ പുന:സൃഷ്ടിക്കുകയും സംരക്ഷിക്കുകയും ചെയ്യുക, പ്രാചീന കലകളെ പ്രോൽസാഹിപ്പിക്കുവാൻ ആവശ്യമുള്ള മ്യൂസിയങ്ങൾ സ്ഥാപിക്കുക, റോഡുകൾ, ജലപാതകൾ, ബോട്ടുജെട്ടികൾ, വൈദ്യുതി, കുടിവെള്ളം, ഫെസിലിറ്റേഷൻ, ഇന്റർപ്രെട്ടേഷൻ കേന്ദ്രങ്ങൾ, പാർക്കിംഗ് ഏരിയ, ടോയ് ലറ്റ് ബ്ലോക്കുകൾ മുതലായ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ നടപ്പിലാക്കുക എന്നീ പ്രവൃത്തികൾ ഉൾപ്പെടുന്നു.

<u>സ്പൈസ് റൂട്ട് പദ്ധതി</u> : ഏകദേശം 3000 ബി.സി മുതൽ പ്രാചീന രേഖകളിൽ പരാമർശിച്ച തുറമുഖങ്ങളിലൂടെയുള്ള വ്യാപാരം ലോകത്തിലെ അന്നറിയപ്പെടുന്ന സംസ്കാര സമ്പുഷ്ടമായ രാജ്യങ്ങളുമായിട്ടായിരുന്നു. ഇവയിലധികവും സുഗന്ധ വ്യഞ്ജന വ്യാപാരമായിരുന്നു. ഒരു കാലത്ത് നഷ്ടപ്പെട്ടുപോയ പ്രതാപം വീണ്ടെടുക്കുന്നതിലേക്ക് മുസിരിസ് പദ്ധതിയുടെ നടത്തിപ്പിനോടൊപ്പം അന്താരാഷ്ട്ര വിനോദസഞ്ചാരികളെ ആകർഷിക്കാൻ വേണ്ടി പൗരാണിക കാലത്തുണ്ടായിരുന്ന വ്യാപാര പങ്കാളിത്ത രാജ്യങ്ങളായ ബർമ്മ,

ചൈന, ഡൻമാർക്ക്, ഈജിപ്റ്റ്, ഗ്രീസ് തുടങ്ങിയ 31-ഓളം വിദേശരാജ്യങ്ങളെ ബന്ധപ്പെടുത്തി ഒരു റൂട്ട് മാപ്പ് തയ്യാറാക്കി അതിന് ' സ്പൈസ് റൂട്ട്' എന്ന് നാമകരണം ചെയ്തു. ഇതിന് അന്താരാഷ്ട്ര തലത്തിൽ വൻ വരവേൽപ്പാണ് ലഭിച്ചത്. ഈ പദ്ധതിയ്ക്ക് യുനെസ്കോ നൽകിയ സഹകരണം പ്രത്യേകം പരാമർശിക്കപ്പെടേണ്ടതാണ്. ഈ മാസം ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സ്പൈസ് റൂട്ട്' "കൾനറി ഫെസ്റ്റ്" ന് അന്താരാഷ്ട്ര തലത്തിൽ ലഭിച്ച ഉജ്ജ്വല പ്രതികരണം ഇതിന് ഉദാഹരണമാണ്.

| | | | |
|---|---|---|---|
| സി) | ദൈവത്തിന്റെ സ്വന്തം നാടെന്ന ഖ്യാതിയുള്ള നമ്മുടെ സംസ്ഥാനത്ത് ടൂറിസ്റ്റ് സീസണെ വരവേൽക്കാൻ എന്തെങ്കിലും നവീന പദ്ധതികൾ ആലോചനയിലുണ്ടോ; വിശദാംശം നൽകുമോ; | സി) | ടൂറിസം സീസണെ വരവേൽക്കാനുള്ള പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ച നൂതന കർമ്മ പദ്ധതിയാണ് ഗ്രീൻ കാർപ്പറ്റ്. സെപ്റ്റംബർ 1 മുതൽ ഒക്ടോബർ 31 വരെ ഒരു കാമ്പയിനായി തെരഞ്ഞെടുത്ത 84 വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും ഗ്രീൻ കാർപ്പറ്റ് വിഭാവനം ചെയ്യുന്നു. കൂടാതെ ലോക വിനോദ സഞ്ചാരദിനത്തിനോടനുബന്ധിച്ച് 'സുഗമ സഞ്ചാരം' എന്ന പദ്ധതിയ്ക്ക് വകുപ്പ് രൂപം നൽകിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ ഭിന്നശേഷിക്കാർക്ക് ടൂറിസം |

കേന്ദ്രങ്ങളിലെ സുഗമമായ സഞ്ചാരം ഉറപ്പു

വരുത്തുന്നു.

Anuradhan

സെക്ഷൻ ഓഫീസർ